"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - കേരള സ്റ്റേറ്റ് മീഡിയേഷൻ ആൻഡ് കൺസീലിയേഷൻ സെന്ററിന് (KSMCC) കീഴിലുള്ള ഹൈക്കോടതി മീഡിയേഷൻ സെന്ററിൽ കേരള സ്റ്റേറ്റ് ജുഡീഷ്യൽ സർവീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്ന രീതിയിൽ ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ ഒരു സെന്റർ കോ-ഓർഡിനേറ്റർ (സിവിൽ ജഡ്ജ് - സീനിയർ ഡിവിഷൻ) തസ്തിക സൃഷ്ടിച്ച് കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.138/2026/HOME    തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:- ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 20.11.2025 തീയതിയിലെ HCKL/10360/2025-A7-HC KERALA നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോടതിക്ക് പുറത്തുള്ള ബദൽ തർക്ക പരിഹാര സംവിധാനങ്ങൾക്ക് നിയമപരമായ അംഗീകാരം നൽകുന്ന 1908-ലെ സിവിൽ നടപടിക്രമ കോഡിലെ (CPC) സെക്ഷൻ 89 നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കേരള ഹൈക്കോടതിയുടെയും,കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെയും (KELSA) സംയുക്ത സംരംഭമായി പ്രവർത്തിച്ചു വരുന്നതാണ് കേരള സ്റ്റേറ്റ് മീഡിയേഷൻ ആൻഡ് കൺസീലിയേഷൻ സെന്റർ (KSMCC). സംസ്ഥാനത്തുടനീളമുള്ള ജില്ലാ മീഡിയേഷൻ സെന്ററുകളിൽ സിവിൽ ജഡ്ജ് (സീനിയർ ഡിവിഷൻ) പദവിയിലുള്ള കോ-ഓർഡിനേറ്റർമാരുടെ മേൽനോട്ടത്തിലാണ് ദൈനംദിന പ്രവർത്തനങ്ങൾ നടന്നു വരുന്നത്, എന്നാൽ, ഹൈക്കോടതി മീഡിയേഷൻ സെന്ററിൽ ഇത്തരത്തിലുള്ള ഒരു കോ-ഓർഡിനേറ്റർ തസ്തിക പ്രത്യേകമായി ഇല്ലാത്തതിനാൽ മദ്ധ്യസ്ഥപ്രവർത്തനങ്ങളുടെ ഫലപ്രദമായ മേൽനോട്ടം വഹിക്കുന്നതിനും, ഹൈക്കോടതിയിലെ വിവിധ വിഭാഗങ്ങളുമായി ആവശ്യമായ ഏകോപനം ഉറപ്പാക്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകൾ വരുന്ന സാഹചര്യത്തിൽ, ഹൈക്കോടതി മീഡിയേഷൻ സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും, കെ.എസ്.എം.സി.സി (KSMCC) ഡയറക്ടറെ കേന്ദ്രത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സഹായിക്കുന്നതിനുമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സെന്റർ കോ-ഓർഡിനേറ്ററുടെ (സിവിൽ ജഡ്ജ് - സീനിയർ

ഡിവിഷൻ) ഒരു തസ്തിക സൃഷ്ടിക്കുവാൻ KSMCC ഗവേണിംഗ് ബോർഡ് ശുപാർശ ചെയ്തു. പ്രസ്തുത നിർദ്ദേശം ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസ് അംഗീകരിക്കുകയും, അനുമതിക്കായി സർക്കാരിന് കത്തയയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ സെന്റർ കോ-ഓർഡിനേറ്റർ (സിവിൽ ജഡ്ജ് - സീനിയർ ഡിവിഷൻ) തസ്തിക സൃഷ്ടിക്കുന്നതിലേക്കായി രജിസ്ട്രാർ ജനറൽ പരാമർശം പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് മീഡിയേഷൻ ആൻഡ് കൺസീലിയേഷൻ സെന്ററിന് കീഴിൽ പ്രവർത്തിക്കുന്ന ഹൈക്കോടതി മീഡിയേഷൻ സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ മേൽ നോട്ടത്തിനായി കേരള സ്റ്റേറ്റ് ജുഡീഷ്യൽ സർവീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്ന രീതിയിൽ ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ മാതൃവകുപ്പിൽ അനുവദനീയമായ ശമ്പള സ്കെയിലിലും ആനുകൂല്യങ്ങളോടെയും ഒരു സെന്റർ കോ-ഓർഡിനേറ്റർ (സിവിൽ ജഡ്ജ് - സീനിയർ ഡിവിഷൻ) തസ്തിക സൃഷ്ടിച്ച് കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിൻഹാജ് അലം ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

1. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് മുഖേന)
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (vide 3411450/EXP-D2/39/2026-FIN തീയതി 02.03.2026)
4. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം.123 ,തീയതി.05.08.2026 )
5. വെബ്ബ് & ന്യൂ മീഡിയ, ഐ&പി. ആർ.ഡി( സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം സി2/515/2025/ആഭ്യന്തരം)

ഉത്തരവിൻ പ്രകാരം

Digitally signed by
Siju P
Date: 07-08-2026
10:46:17

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-08-2026

ഫയൽ നം. സി2/515/2025/ആഭ്യന്തരം.    ഇനം നം : 123

വിഷയം : ആഭ്യന്തര വകുപ്പ് - കേരള സ്റ്റേറ്റ് മീഡിയേഷൻ ആൻഡ് കൺസീലിയേഷൻ സെന്ററിന് (KSMCC) കീഴിൽ പ്രവർത്തിക്കുന്ന ഹൈക്കോടതി മീഡിയേഷൻ സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി കേരള സ്റ്റേറ്റ് ജുഡീഷ്യൽ സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്ന രീതിയിൽ സെന്റർ കോ-ഓർഡിനേറ്ററുടെ (സിവിൽ ജഡ്ജ് - സീനിയർ ഡിവിഷൻ) ഒരു തസ്തിക ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ.വി ഡി സതീശൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി2/515/2025/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തരവകുപ്പ് - കേരള സ്റ്റേറ്റ് മീഡിയേഷൻ ആൻഡ് കൺസീലിയേഷൻ സെന്ററിന് (KSMCC) കീഴിൽ പ്രവർത്തിക്കുന്ന ഹൈക്കോടതി മീഡിയേഷൻ സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി, കേരള സ്റ്റേറ്റ് ജുഡീഷ്യൽ സർവീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്ന രീതിയിൽ സെന്റർ കോ-ഓർഡിനേറ്ററുടെ (സിവിൽ ജഡ്ജ് – സീനിയർ ഡിവിഷൻ) ഒരു തസ്തിക ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24.07.2026 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. സജിത് കെ. ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. മിൻഹാജ് ആലം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29.07.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29.07.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി. ഡി സതീശൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 03.08.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.08.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സ്റ്റേറ്റ് മീഡിയേഷൻ ആൻഡ് കൺസീലിയേഷൻ സെന്ററിന് (KSMCC) കീഴിൽ പ്രവർത്തിക്കുന്ന ഹൈക്കോടതി മീഡിയേഷൻ സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി, കേരള സ്റ്റേറ്റ് ജുഡീഷ്യൽ സർവീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്ന രീതിയിൽ സെന്റർ കോ-ഓർഡിനേറ്ററുടെ (സിവിൽ ജഡ്ജ് - സീനിയർ ഡിവിഷൻ) ഒരു തസ്തിക ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ സൃഷ്ടിക്കുന്നതിനുള്ള കേരള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ ശിപാർശ സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. മധ്യസ്ഥതയും അനുരഞ്ജനവും ബദൽ തർക്കപരിഹാര മാർഗ്ഗങ്ങളായി വിഭാവനം ചെയ്യുന്ന 1908-ലെ സിവിൽ നടപടിക്രമ കോഡിലെ (CPC) സെക്ഷൻ 89 പ്രാബല്യത്തിൽ വരുത്തുന്നതിനായി കേരള ഹൈക്കോടതിയുടെയും കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെയും (KELSA) സംയുക്ത സംരംഭമായി സ്ഥാപിച്ചതാണ് കേരള സ്റ്റേറ്റ് മീഡിയേഷൻ ആൻഡ് കൺസീലിയേഷൻ സെന്റർ (KSMCC). സംസ്ഥാനത്തുടനീളമുള്ള ജില്ലാ മീഡിയേഷൻ സെന്ററുകളിൽ സിവിൽ ജഡ്ജ് (സീനിയർ ഡിവിഷൻ) പദവിയിലുള്ള കോ-ഓർഡിനേറ്ററുടെ ഏകോപനത്തിലും മേൽനോട്ടത്തിലുമാണ് പ്രവർത്തിച്ച് വരുന്നത് എന്നാൽ ഹൈക്കോടതി മീഡിയേഷൻ സെന്ററിൽ ഇത്തരത്തിലുള്ള ഒരു കോ-ഓർഡിനേറ്റർ തസ്തിക നിലവിലില്ല. പ്രത്യേകമായി ഒരു കോ-ഓർഡിനേറ്റർ ഇല്ലാത്തതിനാൽ മധ്യസ്ഥപ്രവർത്തനങ്ങളുടെ ഫലപ്രദമായ മേൽനോട്ടം വഹിക്കുന്നതിനും ഹൈക്കോടതിയിലെ വിവിധ വിഭാഗങ്ങളുമായി ആവശ്യമായ ഏകോപനം ഉറപ്പാക്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി ഹൈക്കോടതി വ്യക്തമാക്കുന്നു.

3. ഈ സാഹചര്യത്തിൽ, ഹൈക്കോടതി മീഡിയേഷൻ സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും, കെ.എസ്.എം.സി.സി (KSMCC) ഡയറക്ടറെ കേന്ദ്രത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സഹായിക്കുന്നതിനുമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സെന്റർ കോ-ഓർഡിനേറ്ററുടെ (സിവിൽ ജഡ്ജ് – സീനിയർ ഡിവിഷൻ) ഒരു തസ്തിക സൃഷ്ടിക്കാൻ കെ.എസ്.എം.സി.സി ഗവേണിംഗ് ബോർഡ് ശുപാർശ ചെയ്തു. ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് ഈ നിർദ്ദേശത്തിന് അംഗീകാരം നൽകുകയും, തസ്തിക സൃഷ്ടിക്കുന്നതിനായി സർക്കാരിന് കത്തയക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതനുസരിച്ച്, പ്രസ്തുത തസ്തിക മാതൃ വകുപ്പിൽ ലഭ്യമായ ശമ്പള സ്കെയിലിലും അലവൻസുകളോടെയും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേരള ഹൈക്കോടതി രജിസ്ട്രാർ ജനറൽ സർക്കാരിനോട് ശിപാർശ ചെയ്തു.

4. ഈ നിർദ്ദേശം ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയച്ചിരുന്നു. എന്നാൽ ധനകാര്യ വകുപ്പ് തുടക്കത്തിൽ ഈ നിർദ്ദേശം Defer – ചെയ്തിരുന്നു. തുടർന്ന് ഫയൽ വീണ്ടും സമർപ്പിച്ചപ്പോൾ, ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*"AD file is returned inviting attention to D.O. Letter No.3411450/EXP-D2/39/2026-FIN dated 02.03.2026 from the Additional Chief Secretary (Finance). As per the D.O. letter, it has been informed that there is no necessity to resubmit proposals involving expenditure that have already been deferred or rejected by the Finance Department. If the Administrative Department still desires to pursue approval for such expenditure, the matter may be placed before the Cabinet for consideration and orders."*

5. ഹൈക്കോടതി ചൂണ്ടിക്കാട്ടിയ ഭരണപരമായ ആവശ്യകതയും ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ പ്രത്യേക ശുപാർശയും കണക്കിലെടുത്ത്, ധനകാര്യ വകുപ്പിന്റെ

അഭിപ്രായം മറികടന്നുകൊണ്ടും വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചും പ്രസ്തുത തസ്തിക സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് കാണുന്നു.

6. ഫയൽ ചംക്രമണം ചെയ്തപ്പോൾ, ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കേരള സ്റ്റേറ്റ് മീഡിയേഷൻ ആൻഡ് കൺസീലിയേഷൻ സെന്ററിന് കീഴിൽ പ്രവർത്തിക്കുന്ന ഹൈക്കോടതി മീഡിയേഷൻ സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി കേരള സ്റ്റേറ്റ് ജുഡീഷ്യൽ സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്ന രീതിയിൽ ഹൈക്കോടതി എസ്റ്റാബ്ലിഷ്മെന്റിൽ മാതൃവകുപ്പിൽ അനുവദനീയമായ ശമ്പള സ്കെയിലിലും ആനുകൂല്യങ്ങളോടെയും ഒരു സെന്റർ കോ-ഓർഡിനേറ്റർ (സിവിൽ ജഡ്ജ് സീനിയർ ഡിവിഷൻ) തസ്തിക ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?